പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3374 23.06.2014 -ൽ മറുപടിയ്ക്ക്

## കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ അനുവദിച്ച ബാർ ലൈസൻസുകൾ

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ എത്ര ബാർ ലൈസൻസുകൾ പുതുതായി അനുവദിച്ചു ; | (എ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ 22 ബാർ ലൈസൻസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ ; | (ബി) ലൈസൻസുകൾ അനുവദിച്ച സമയത്ത് നിലനിന്നിരുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, അപേക്ഷകന്റെയും ഹോട്ടലിന്റെയും യോഗ്യത പരിശോധിച്ചതിൽ യോഗ്യതയുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസുകൾ നൽകിയത്. |
| (സി) നിലവിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ എണ്ണം സ്റ്റാർ പദവിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ; | (സി) നിലവിൽ 311 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.<br>സ്റ്റാർ പദവിയില്ലാത്തത് - 8<br>ക്ലാസിഫൈഡ് - 4<br>2 സ്റ്റാർ - 16<br>3 സ്റ്റാർ - 222<br>4 സ്റ്റാർ - 33<br>5 സ്റ്റാർ - 20<br>ഹെറിറ്റേജ് - 8 |

| | | | |
|---|---|---|---|
| (ഡി) | നിലവാരമില്ലെന്ന കാരണത്താൽ എത്ര ബാറുകൾ അടച്ചുപൂട്ടിയിട്ടുണ്ട്; | (ഡി) | 2014-15 വർഷത്തിൽ 421 ബാർ ഹോട്ടലുകളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. |
| (ഇ) | ഇവയുടെ സ്റ്റാർ പദവി അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; ഇവയുടെ നിലവാരം നിർണ്ണയിക്കാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ? | (ഇ) | ഇവയുടെ സ്റ്റാർ പദവി അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>സ്റ്റാർ പദവിയില്ലാത്തത് - 334<br>ക്ലാസിഫൈഡ് - 5<br>2 സ്റ്റാർ - 64<br>3 സ്റ്റാർ - 17<br>4 സ്റ്റാർ - 1<br>2006 -ൽ ജില്ല അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരിൽ നിന്നും ശേഖരിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ് 418 ബാർ ഹോട്ടലുകൾ. |

സെക്ഷൻ ഓഫീസർ